പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 575

28.02.2017 ൽ മറുപടിക്ക്

## മണൽ ഇറക്കമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പി.ടി.എ. റഹീം | | ശ്രീ. എ.സി. മൊയ്തീൻ (ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) | കേരളത്തിന് പുറത്തുനിന്നും മണൽ ഇറക്കമതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും നിയമവിധേയമായി മണൽ കൊണ്ടുവരുന്നുണ്ട് ഇതിന്റെ വിൽപ്പനയ്ക്ക് ഡീലേഴ്സ് ലൈസൻസ് അനുവദിച്ചുവരുന്നുണ്ട്. |
| (ബി) | ഇതിനുള്ള അപേക്ഷ ആരെങ്കിലും സിഡ്കോ മുഖേന സമർപ്പിച്ചിട്ടുണ്ടോ; | (ബി) & (സി) | ഉണ്ട്. സംസ്ഥാനത്തിന് പുറത്ത് നിന്ന് മണൽ കൊണ്ട് വന്ന് സംഭരിച്ച് വിപണനം നടത്തുന്നതിന് സിഡ്കോ മുഖേന ശ്രീ. മുഹമ്മദ് സാബീർ, മെ.ഷാ ട്രേഡേഴ്സ് & മിനറൽസ്, 1111/535, പൊയിനാച്ചി, തെക്കിൻഫെറി, കാസറഗോഡ് എന്നയാൾ മൈനിംഗ് & ജിയോളജി വകുപ്പിന്റെ പാലക്കാട് ജില്ല ആഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് പാലക്കാട് ജില്ലയിൽ പട്ടാമ്പി താലൂക്കിൽപ്പെട്ട കപ്പൂർ വില്ലേജിൽ സർവ്വേ നം. 318/3 ൽപ്പെട്ട 0.4047 ഹെക്ടർ സ്ഥലത്തേക്കാണ്. 73/15-16/DOP/2619/2015/A1/Depot നമ്പരായി 14.12.2015 തീയതിയിൽ 31.03.2016 കാലാവധിയോട് കൂടി ഡിപ്പോ രജിസ്ട്രേഷനും 59/DOP/DL/2721/2015/A1/OS നമ്പരായി 21.12.2015 തീയതിയിൽ 20.12.2016 വരെ കാലാവധിയോട് കൂടി 10,000 മെട്രിക് ടൺ സാധാരണ മണൽ സംഭരിച്ച് വിപണനം നടത്തുന്നതിന് ഡീലേഴ്സ് ലൈസൻസും ടിയാൾക്ക് അനുവദിച്ചിരുന്നു. കൂടാതെ പ്രസ്തുത സ്ഥാപനത്തിന് മലപ്പുറം ജില്ല ആഫീസിൽ നിന്നും 11.07.2016 മുതൽ 10.07.2017 വരെ കാലാവധിയിൽ സാധാരണ മണലിന് ഒരു ഡീലേഴ്സ് ലൈസൻസ് കൂടി അനുവദിച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ